## പതിനൊന്നാം കേരള നിയമസഭ
### ആറാം സമ്മേളനം
### 2003 ജൂലായ് 10-ാം തീയതി വ്യാഴാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -23)

461) പച്ചക്കറിയുടേയും പഴങ്ങളുടേയും വില നിയന്ത്രിക്കാൻ നടപടി
462) ക്ഷീരമേഖലയിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കാൻ നടപടി
463) കൃഷിവകുപ്പിന്റെ പുന:സംഘടന
464) വാനില കൃഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതി
465) വിലസ്ഥിരതാ ഫണ്ട്
466) രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കാൻ നടപടി
467) കാർഷിക സർവ്വകലാശാലയിലെ ടീച്ചിംഗ് സ്റ്റാഫിന് യു.ജി.സി. സ്കെയിൽ അനുവദിച്ചതിലെ ക്രമക്കേടുകൾ
468) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ അവാർഡ്
469)ഡയറക്ട് ഇൻവെസ്റ്റ്മെന്റ് പ്രോത്സാഹിപ്പിക്കുവാൻ നടപടി
470)പാലുത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികൾ
471)വനങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം കണക്കാക്കുന്നതിനുള്ള മാനദണ്ഡം
472)പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാൻ നൽകുന്ന ജാമ്യം
473)നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്
474)കാർഷിക സർവ്വകലാശാലയിൽ യു.ജി.സി സ്കെയിൽ നടപ്പാക്കുമ്പോൾ കുടിശ്ശികത്തുക രൊക്കം പണമായി കൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ
475)നാളികേരത്തെ സംബന്ധിച്ചുള്ള ഗവേഷണം
476)ഹരിത മാർക്കറ്റുകളിലെ വിലനിലവാരം
477)സംസ്ഥാനത്തുനിന്നും കയറ്റി അയക്കുന്ന കാർഷിക വിഭവങ്ങൾ
478)സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ബാങ്ക് വായ്പ അനുവദിക്കുന്നതിൽ വിമുഖത
479)മണ്ണിന്റെ ഘടനക്കനുസരിച്ചുള്ള കൃഷിരീതി
480)കെ.പി.പി. നമ്പ്യാർ കമ്മിറ്റിയുടെ ശുപാർശകൾ
481)നെല്ലിന്റെ ഉല്പാദനക്ഷമത
482)ഉപഭോക്തൃ സംരക്ഷണ ഫോറങ്ങൾ
483)കഞ്ചാവ്, മയക്കുമരുന്ന് ഇവയിൽ നിന്ന് സംസ്ഥാനത്തെ രക്ഷിക്കാൻ നടപടി

### പച്ചക്കറിയുടേയും പഴങ്ങളുടേയും വില നിയന്ത്രിക്കാൻ നടപടി

*461. ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എ.കെ. ബാലൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതു കമ്പോളത്തിൽ പച്ചക്കറിയുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ ഹോർട്ടികോർപ്പിന്റെ കീഴിലുള്ള ഹരിത സഹകരണസംഘങ്ങളുടെ സ്റ്റാളുകളിൽ വിൽക്കുന്ന പച്ചക്കറിയുടെ വിലയും പൊതുകമ്പോളത്തിലെ വിലയുമായി വലിയ അന്തരമില്ല എന്നുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന പച്ചക്കറിയുടേയും പഴങ്ങളുടേയും വില നിയന്ത്രിക്കാൻ ഹോർട്ടികോർപ്പറേഷൻ വഴി വിൽക്കുന്ന പഴങ്ങളുടേയും പച്ചക്കറികളുടേയും വില കുറയ്ക്കുവാനും കൂടുതൽ ഹരിത സ്റ്റാളുകൾ ആരംഭിക്കുവാനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പുമന്ത്രി):**

(എ) ഉണ്ട്.

(ബി) ഹോർട്ടികോർപ്പിന്റെ കീഴിലുള്ള ഹരിത സ്റ്റാളുകൾ വഴി വിൽക്കുന്ന മിക്ക ഇനം പച്ചക്കറികൾക്കും പൊതികമ്പോളത്തിലേതിനേക്കാൾ വില കുറവാണ്. ദൗർലഭ്യം നേരിടുന്നതും അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്നതുമായ മൊത്ത ചിലയിനം പച്ചക്കറികൾക്ക് മൊത്തവിലയും ചില്ലറവിലയും തമ്മിൽ വലിയ വ്യത്യാസമില്ലാത്തതുകൊണ്ട് പൊതിക്കമ്പോളത്തിലെ വിലയ്ക്ക് വിൽക്കേണ്ടിവരുന്നുണ്ട്.

(സി) പരമാവധി കുറഞ്ഞ വിലയ്ക്കാണ് ഹോർട്ടികോർപ്പ് പഴങ്ങളും പച്ചക്കറികളും വിൽക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ സർക്കാരിൽ നിന്നും സാമ്പത്തികസഹായം നൽകിയാലേ ശക്തമായ വിപണിയിടപെടൽ നടത്തി വിലനിലവാരം ഇനിയും കുറയ്ക്കുവാൻ സാധിക്കുകയുള്ളു. ഇടപെടലിനാവശ്യമായ സ്ഥിതിഗതികൾ ധനകാര്യവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. സ്വന്തമായി സ്ഥലസൗകര്യമുള്ളവരും ഹോർട്ടികോർപ്പിന്റെ നിബന്ധനകൾ പാലിക്കുവാൻ തയ്യാറുള്ളവരുമായ ആളുകൾക്ക് പുതിയ ഹരിത സ്റ്റാളുകൾ തുടങ്ങുന്നതിനുള്ള എല്ലാ സഹായങ്ങളും കോർപ്പറേഷൻ ചെയ്തുകൊടുക്കുന്നുണ്ട്.

## ക്ഷീരമേഖലയിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കാൻ നടപടി

*462. ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. യു.സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം ഉൽപാദിപ്പിക്കുന്ന പാലിന്റെ അളവ് എത്രയാണ് ;

(ബി) സംസ്ഥാനത്ത് പ്രതിവർഷം ഉപയോഗിക്കുന്ന പാലിന്റെ അളവ് എത്രയാണെന്നറിയിക്കുമോ ;

(സി) സംസ്ഥാനത്തിനു വെളിയിൽ നിന്നു വരുന്ന പാലിന്റെ അളവ് എത്ര ;

(ഡി) പാലിന്റെ കാര്യത്തിൽ സംസ്ഥാനം സ്വയംപര്യാപ്തമാകുന്നതിന് പാലിന്റെ ഉൽപ്പാദനം എത്രകണ്ട് വർദ്ധിപ്പിക്കണം എന്ന് അറിയിക്കാമോ ;

(ഇ) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**
**ശ്രീമതി കെ.ആർ ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പുമന്ത്രി)** :

(എ) 28 ലക്ഷം മെട്രിക് ടൺ.

(ബി) &(സി) സംസ്ഥാനത്ത് പാലിന്റെ ഉപഭോഗം പാലും പാലുൽപ്പന്നങ്ങളുമായിട്ടാണ്. പുറത്തുനിന്നും വരുന്ന പാലിന് ഇപ്പോൾ നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ഡി) പ്രതിവർഷം 33.87 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കണം.

(ഇ) ഇതിനായി പുൽകൃഷി വികസനപദ്ധതി ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ഉൽപ്പാദനം, രോഗപ്രതിരോധത്തിനുള്ള നടപടി, വ്യാപകമായ കൃത്രിമമായ ബീജാദാനം നടത്തിപ്പിക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവ കാര്യക്ഷമമായി നടത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## കൃഷിവകുപ്പിന്റെ പുന:സംഘടന

*463. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ.കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിവകുപ്പിന്റെ പുന:സംഘടന സംബന്ധിച്ച് സർക്കാർ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(ബി) ചർച്ച നടത്തിയിട്ടുണ്ടെങ്കിൽ ഇക്കാര്യത്തിൽ ഉയർന്നുവന്ന അഭിപ്രായങ്ങൾ എന്തൊക്കെയാണ് ;

(സി) ഈ അഭിപ്രായങ്ങളുടെ പശ്ചാത്തലത്തിൽ കൃഷിവകുപ്പ് പുന:സംഘടനയ്ക്ക് സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്തുമോ ;

(ഡി) കൃഷിവകുപ്പ് കാലോചിതമായി പുന:സംഘടിപ്പിക്കാനും പ്രവർത്തനം മെച്ചമാക്കാനും നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**
**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)** :

(എ) കൃഷി വകുപ്പിന്റെ പുന:സംഘടന സംബന്ധിച്ച് സർക്കാർ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടില്ല. എന്നാൽ സർക്കാരിന്റെ നിർദ്ദേശപ്രകാരം കൃഷി ഡയറക്ടർ

കൃഷിവകുപ്പിന്റെ പുന:സംഘടന സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി 2003 മെയ് മാസത്തിൽ ചർച്ച നടത്തുകയുണ്ടായി.

(ബി) കൃഷി ഡയറക്ടർ പുന:സംഘടന സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചയിൽ കൃഷിവകുപ്പിൽ വിവിധ കാറ്റഗറികളിലായി അധികമാണെന്ന് കണ്ടെത്തിയിട്ടുള്ള തസ്തികകൾ കൃഷിവകുപ്പിൽ തന്നെ നിലനിർത്തണമെന്നതാണ് സംഘടനാഭേദമെന്യേ എല്ലാവരും ആവശ്യപ്പെട്ടത്. കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിന് കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളത്തക്കവിധം പ്രവർത്തിക്കുന്നതിന് വകുപ്പിന്റെ വിവിധ തലങ്ങളിൽ ശാസ്ത്രീയ പുന:സംഘടന ആവശ്യമാണെന്ന് വിവിധ സർവ്വീസ് സംഘടനകൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(സി) (ഡി) കൃഷി വകുപ്പിന്റെ പുന:സംഘടനയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കൃഷി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## വാനില കൃഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതി

*464. ശ്രീ. കെ.പി. മോഹനൻ :
ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. സി.കെ. നാണു :
ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഗന്ധദ്രവ്യങ്ങൾ ഉൽപ്പാദിപ്പിക്കാനുള്ള അസംസ്കൃത പദാർത്ഥമായി ഉപയോഗിക്കുന്ന എന്തെല്ലാം കൃഷികളാണ് സംസ്ഥാനത്ത് കൃഷിചെയ്യപ്പെടുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) വാനില കൃഷി വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി കൃഷിവകുപ്പ് ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് ഏത് പ്രദേശത്താണ് വാനില കൂടുതലായി കൃഷിചെയ്യപ്പെടുന്നത് എന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**
**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)** :

(എ) ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ഏലം, ഗ്രാമ്പു, ജാതി, വാനില, കറുവപ്പട്ട എന്നീ കൃഷികളാണ് സംസ്ഥാനത്ത് സുഗന്ധദ്രവ്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനായി കൃഷി ചെയ്യപ്പെടുന്നത്.

(ബി) ഉണ്ട്. വാനിലകൃഷി വികസിപ്പിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ മാക്രോമാനേജ്മെന്റ് പദ്ധതിപ്രകാരം നടപ്പുവർഷം 10 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ തുക ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കാനാണ് വിനിയോഗിക്കുന്നത്. 2002-2003-ൽ ഇതിനായി വകയിരുത്തിയ 15 ലക്ഷം രൂപ വിനിയോഗിച്ച് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിലെ സർക്കാർ ഫാമുകളിൽ വാനിലയുടെ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. നടീൽ വസ്തുക്കൾ 25% സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യാനാണ് ഉദ്ദേശം.

കൂടാതെ അടൂർ താലൂക്കിലെ കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് പ്രസ്തുത താലൂക്കിലെ സഹകരണസംഘങ്ങളുടേയും ജില്ലാ ബ്ളോക്ക് പഞ്ചായത്തുകളുടേയും സംയുക്ത സഹകരണത്തോടെയും നാഷണൽ ഹോർട്ടികൾച്ചർ ബോർഡ്, നബാർഡ്, ജില്ലയിലെ ധനകാര്യസ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെയും നടപ്പാക്കുന്നതിനായി ഒരു ബൃഹത് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇപ്പോൾ ഇത് നാഷണൽ ഹോർട്ടികൾച്ചറൽ ബോർഡിന്റെയും നബാർഡിന്റെയും പരിഗണനയിലാണ് .

(സി) ഇപ്പോൾ സംസ്ഥാനത്ത് കോട്ടയം, ഇടുക്കി, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളിലാണ് വാനില കൂടുതലായി കൃഷിചെയ്യപ്പെടുന്നത്.

## വിലസ്ഥിരതാ ഫണ്ട്

*465 ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പ്പന്നങ്ങളുടെ വിലത്തകർച്ചയിൽ നിന്നും കർഷകർക്ക് ആശ്വാസം നൽകുന്നതിനായി സർക്കാർ പ്രഖ്യാപിച്ച വില സ്ഥിരതാ ഫണ്ട് സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഫണ്ടിന്റെ പ്രയോജനം സംസ്ഥാനത്തെ ഏതെല്ലാം വിഭാഗം കർഷകർക്കു ലഭിക്കുമെന്ന് വിശദമാക്കാമോ ;

(സി) കേന്ദ്ര സർക്കാർ രൂപം കൊടുത്ത മാതൃകയിലാണോ സംസ്ഥാനത്തും വില സ്ഥിരതാ ഫണ്ട് നടപ്പിലാക്കുന്നത് ;

(ഡി) വിലസ്ഥിരതാ ഫണ്ടിന്റെ പരിധിയിൽ ഏതെല്ലാം വിളകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഇ) വില സ്ഥിരതാ ഫണ്ടിൽ അംഗങ്ങളാകുന്ന കർഷകർക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) ഇല്ല.

(ബി) (സി)& (ഡി) &(ഇ) 20032004 -ലെ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനത്ത് വില സ്ഥിരതാഫണ്ട് രൂപീകരിക്കുമെന്നും ഇതിലേക്കായി 50 കോടി രൂപ നീക്കി വയ്ക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇത് പ്രാവർത്തികമാക്കുന്നതു സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചുവരുന്നതേയുള്ളു.

## രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കാൻ നടപടി

*466. ശ്രീ. വി.ഡി. സതീശൻ :
പ്രൊഫസർ എ.ഡി. മുസ്തഫ :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കുവേണ്ടി രാസകീടനാശിനികൾ ഉപയോഗിക്കുന്നത് മിത്രകീടങ്ങളേയും നശിപ്പിക്കുവാനിടയാക്കുമെന്നും രാസകീടനാശിനികളുടെ ഉപയോഗം ഭൂഗർഭ ജലത്തെയും അന്തരീക്ഷത്തെയും മലിനപ്പെടുത്തുമെന്നും മണ്ണ് വിഷമയമാകുമെന്നും മനിലയിലുള്ള ലോക പ്രശസ്ത നെൽകൃഷികേന്ദ്രം അഭിപ്രായപ്പെട്ട കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ രാസകീടനാശിനികളുടെ ഉപയോഗം കുറയ്ക്കാനും ജൈവകീടനാശിനികൾ ഉപയോഗിക്കുവാനും എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്.

(ബി) രാസകീടനാശിനികളുടെ ഉപയോഗം പരമാവധി പരിമിതപ്പെടുത്തിക്കൊണ്ടുള്ള സംയോജിതകീടനിയന്ത്രണ മാർഗ്ഗങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള പദ്ധതികൾ സംസ്ഥാന കൃഷിവകുപ്പ് ഇപ്പോൾ നടപ്പിലാക്കിവരുന്നു. പാടശേഖരങ്ങളിൽ വിളക്ക് കെണികൾ പ്രവർത്തിപ്പിക്കുക, നിരന്തരമായ കീടനിരീക്ഷണം നടപ്പിലാക്കുക, കർഷകകൃഷിസ്ഥലപാഠശാലകൾ സ്ഥാപിക്കുക, സംയോജിത കീടനിരീക്ഷണ പ്രദർശനഫ്ളോട്ടുകൾ, ജൈവികനിയന്ത്രണോപാധികളുടെ ഉല്പാദനവും വിതരണവും എന്നീ പരിപാടികൾ സംയോജിത കീടനിയന്ത്രണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്നു.

കൂടാതെ കീടരോഗങ്ങൾ പ്രതിരോധിക്കാൻ ശേഷിയുള്ള വിത്തിനങ്ങൾ നടുക, ശരിയായ കൃഷിരീതികൾ അനുവർത്തിക്കുക, വിത്തിനു പരിചരണം നടത്തുക, ജൈവ കീടനാശിനികൾ ഉപയോഗിക്കുക, ജൈവികനിയന്ത്രണോപാധികൾ ഉപയോഗിക്കുക തുടങ്ങിയവയും സ്വീകരിച്ചുവരുന്നു.

## കാർഷിക സർവ്വകലാശാലയിലെ ടീച്ചിംഗ് സ്റ്റാഫിന് യു.ജി.സി. സ്കെയിൽ അനുവദിച്ചതിലെ ക്രമക്കേടുകൾ

*467. ശ്രീമതി മേഴ്സി രവി :
ശ്രീ. ടി.എൻ. പ്രതാപൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ലൂഡി ലൂയീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയിലെ ടീച്ചിംഗ് സ്റ്റാഫിന് യു.ജി.സി. സ്കെയിൽ അനുവദിച്ചപ്പോൾ ക്രമരഹിതമായി ശമ്പളം ഫിക്സ് ചെയ്യാനും അധികതുക കൊടുക്കാനും എടുത്ത തീരുമാനത്തിൽ അന്നത്തെ വൈസ്ചാൻസലർ, പ്രോ-വൈസ് ചാൻസലർ, സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവർക്കുള്ള പങ്കും ഉത്തരവാദിത്വവും എന്തെന്ന് വിശദീകരിക്കുമോ;

(ബി) യു.ജി.സി. സ്കെയിൽ പ്രസ്തുത സർവ്വകലാശാലയിൽ നടപ്പാക്കിയത് സംബന്ധിച്ച് ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് നടത്തിയ അന്വേഷണത്തിനുശേഷം സമർപ്പിച്ചതും സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ചതുമായ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിട്ടുള്ള

ക്രമരഹിതമായ യു.ജി.സി. സ്കെയിൽ, കോമൺ റേഷ്യോ മുതലായവ പരിശോധിച്ച് തെറ്റ് പരിഹരിക്കുവാൻ ഒരു സബ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ;

(സി) അപ്രകാരം ഒരു പരിശോധനയുടെ ആവശ്യമെന്തെന്ന് വ്യക്തമാക്കുമോ ;

(ഡി) യു.ജി.സി. സ്കെയിലിന്റെ നടത്തിപ്പിൽ തെറ്റുണ്ടെന്ന് ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് റിപ്പോർട്ട് ചെയ്യുകയും അത് സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തശേഷം അത് നടപ്പാക്കുന്നതിനു പകരം വീണ്ടും ഇപ്രകാരമൊരു കമ്മിറ്റിയെ നിയോഗിച്ചതിനുള്ള കാരണം വിശദീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) സർക്കാരിന്റെ ധനകാര്യവകുപ്പിന്റെ കീഴിലുള്ള ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധനയിൽ അനർഹമായി ശമ്പളം അനുവദിച്ചതിനും അധികബാദ്ധ്യതയുണ്ടാക്കിയതിനും വൈസ്ചാൻസലർ, ഭരണസമിതി എന്നിവർ ഉത്തരവാദികളാണെന്ന് പറഞ്ഞിട്ടുണ്ട്. ഇവർക്കെതിരെ ഉചിതമായ നടപടികൾ കൈക്കൊള്ളുവാനും ശുപാർശ ചെയ്തിട്ടുണ്ട്.

(ബി) സബ്കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

(സി) &(ഡി) സർവ്വകലാശാലാ ഭരണസമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് പരിശോധന നടത്തുന്നതിനായി സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തിയത് .

## <u>പതിനൊന്നാം ധനകാര്യ കമ്മീഷന്റെ അവാർഡ്</u>

*468. ശ്രീ. ടി.കെ. ദേവകുമാർ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ അവാർഡ് സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പത്താം ധനകാര്യ കമ്മീഷൻ അവാർഡ് അനുസരിച്ച് എന്ത് തുകയാണ് സംസ്ഥാനത്തിന് ലഭിച്ചതെന്നു പറയാമോ ;

(സി) ഇത് ആകെ നികുതിയുടെ എത്ര ശതമാനമായിരുന്നു ;

(ഡി) പതിനൊന്നാം ധനകാര്യ കമ്മീഷൻ മുമ്പാകെ സംസ്ഥാന സർക്കാർ സമർപ്പിച്ച നികുതി നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു; നികുതി നിർദ്ദേശത്തിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച മാനദണ്ഡങ്ങൾ കമ്മീഷൻ അംഗീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്. പത്താം ധനകാര്യ കമ്മീഷന്റെ മാനദണ്ഡങ്ങളിൽ നിന്നുള്ള പ്രതികൂല വ്യതിയാനങ്ങൾ നിമിത്തം 11-ാം ധനകാര്യ കമ്മീഷൻ അവാർഡിലൂടെ 3664 കോടി രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) 7038.45 കോടി രൂപ്.

(സി) ഇത് മൊത്തം വിഭവ-വിഭജന നികുതിയുടെ 3.498% ആണ്.

(ഡി) സംസ്ഥാന സർക്കാർ നികുതിയെ സംബന്ധിച്ച് സമർപ്പിച്ച നിർദ്ദേശങ്ങൾ മുഖ്യമായും നികുതിവരുമാനം സംസ്ഥാനങ്ങൾക്ക് വീതം വയ്ക്കുന്നത് സംബന്ധിച്ചാണ്. ഇവ താഴെപ്പറയുന്നതാണ്.

1. കേന്ദ്രത്തിന്റെ എല്ലാവിധ സർചാർജ്ജുകളും അഡീഷണൽ സർചാർജ്ജുകളും വിഹിത വിഭജന വരുമാനമായി കണക്കാക്കേണ്ടതാണ്.
2. കോർപ്പറേഷൻ ഇൻകം ടാക്സിനെ ഇൻകംടാക്സിന്റെ ഭാഗമാക്കി മാറ്റുക, അല്ലെങ്കിൽ കോർപ്പറേഷൻ ഇൻകംടാക്സ് വിഭജന വിഹിതത്തിന്റെ ഭാഗമല്ലാത്തതുകൊണ്ട് സംസ്ഥാന സർക്കാരിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുക.
3. നികുതി വരുമാനത്തിന്റെ വിഭവവിഭജന ശതമാനം 77.5%-ൽ നിന്ന് 10-ാം ധനകാര്യ കമ്മീഷന് മുമ്പുണ്ടായിരുന്ന 85% ലേക്ക് ഉയർത്തുക
4. യൂണിയൻ എക്സൈസ് ഡ്യൂട്ടിയുടെ വിഭവ വിഭജന ശതമാനം നിലനിന്നിരുന്ന 40%-ൽ നിന്ന് 47.5% ആയി ഉയർത്തുക.
5. എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കുന്നതിനു പകരം ഉൽപ്പന്നങ്ങളുടെ അഡ്മിനിസ്റ്റേഡ് പ്രൈസ് വർദ്ധിപ്പിക്കുന്ന കേന്ദ്രത്തിന്റെ നയം പൂർണ്ണമായി ഉപേക്ഷിക്കുക. ഇത് ആവശ്യമെങ്കിൽ എക്സൈസ് ഡ്യൂട്ടിക്ക് തുല്യമായ തുക സംസ്ഥാനങ്ങൾക്ക് നൽകുക.
6. പുകയില, പഞ്ചസാര, തുണിത്തരങ്ങൾ എന്നിവയെ കേന്ദ്രത്തിന്റെ അഡീഷണൽ എക്സൈസ് ഡ്യൂട്ടിയിൽ നിന്നും ഒഴിവാക്കുകയും ഇവയ്ക്ക് സെയിൽസ് ടാക്സ് ചുമത്തുവാനുമുള്ള അവകാശം സംസ്ഥാനസർക്കാരിന് നൽകുകയും ചെയ്യുക.

7. 8-ാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്ത പലിശയിനത്തിലും പിഴയിനത്തിലുമുള്ള കേന്ദ്രത്തിന്റെ വരുമാനം വിഭവ വിഭജന വരുമാനമായി കണക്കാക്കുക.
8. റെയിൽവേ യാത്രക്കൂലിയുടെ ടാക്സിന് പകരമായി നൽകുന്ന ധനസഹായം നോൺ സബ് അർബൻ യാത്രക്കൂലിക്ക് പകരം നോൺ സബ് അർബൻ റെയിൽവേ വരുമാനവുമായി ബന്ധപ്പെടുത്തുകയും അത് മൊത്തം ഇൻഡയറക്ട് ടാക്സ് - മൊത്തം നികുതി അനുപാതം പ്രകടമാക്കുന്ന രീതിയിൽ ശതമാനനിരക്ക് ഉയർത്തുക.

നികുതി നിർദ്ദേശത്തിനായി സംസ്ഥാന സർക്കാർ സമർപ്പിച്ച മാനദണ്ഡങ്ങൾ ഭാഗികമായി കമ്മീഷൻ അംഗീകരിച്ചിട്ടുണ്ട്.

## ഡയറക്ട് ഇൻവെസ്റ്റ്മെന്റ് പ്രോത്സാഹിപ്പിക്കുവാൻ നടപടി

469. പ്രൊഫ. എ.ഡി. മുസ്തഫ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
ശ്രീ ടി.എൻ. പ്രതാപൻ
ശ്രീ എ.പി. അനിൽകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും ധനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റിന്റെ കാലത്ത് എന്തു തുകയ്ക്കുള്ള ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് സംസ്ഥാനത്ത് ഉണ്ടാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) സംസ്ഥാനത്തേക്ക് ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് വന്നതിനെതിരെയുള്ള ഏതെങ്കിലും ഘടകങ്ങൾ ഉണ്ടെന്ന് ഗവൺമെന്റ് കരുത്ുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാമെന്ന് വ്യക്താമക്കുമോ;

(ഡി) ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി)**

(എ) ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റിന് മാത്രമായി ഒരു പ്രത്യേക ടാർജറ്റ് വച്ചിട്ടില്ല. എന്നാൽ ഏകദേശം2288 കോടി രൂപയുടെ വിദേശ നിക്ഷേപ സാധ്യതയുള്ള പദ്ധതികൾ നടപ്പിലാക്കാൻ പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്.

(സി) താഴെപ്പറയുന്ന ഘടകങ്ങൾ സംസ്ഥാനത്ത് ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് വരുന്നതിനെതിരാണെന്ന് കരുതുന്നു.

1. വിദേശനിക്ഷേപം കൂടുതൽ ലഭിക്കുന്നതിനനുയോജ്യമായി വ്യാവസായിക മേഖലയിലും അടിസ്ഥാന സൗകര്യമേഖലയിലും കൂടുതൽ പദ്ധതികൾ നടപ്പിലാകാത്തത്
2. വിദേശ നിക്ഷേപത്തോട് വിമുഖത കാട്ടുന്ന കേരളീയരുടെ മനോഭാവം
3. പൊതുമേഖലയിൽ വിദേശ സഹകരണത്തോടെയുള്ള വലിയ പദ്ധതികളുടെ അഭാവം
4. വിദേശ പിക്ഷേപത്തെ ഭയത്തോടെയും സംശയത്തോടെയും വീക്ഷിക്കുന്ന മാധ്യമങ്ങൾ
5. വൻകിട പദ്ധതികൾ സ്ഥാപിക്കാൻ വേണ്ടത്ര ഭൂമി ലഭിയ്ക്കാത്തത്

(ഡി) ചുവടെ ചേർക്കുന്ന നടപടികൾ ഫോറിര്ൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ് പ്രോത്സാഹിപ്പിക്കുവാൻ സഹായകമായിട്ടുണ്ട്.

1. ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ തന്നെ പുതിയ വ്യവസായ നയം, തൊഴിൽ നയം, ഐ.റ്റി. നയം എന്നിവ പ്രഖ്യാപിച്ച് വിപുലമായ പ്രചാരണമാരംഭിച്ചു
2. വിവിധ വകുപ്പുകളുടെ തലവൻമാരും മന്ത്രിമാരും അന്യസംസ്ഥാനങ്ങളിലും വിദേശത്തും പര്യടനം നടത്തി നിക്ഷേപകരെ കേരളത്തലേക്ക് സ്വാഗതം ചെയ്തു
3. സർക്കാരിന്റെ എല്ലാവകുപ്പുകളെയും പൊതുമേഖലാ സ്താപനങ്ങളെയും സംയൊജിപ്പിച്ചുകൊണ്ട് ഇദം പ്രഥമമായി ആഗോള നിക്ഷേപക സമ്മേളനം നടത്തുകയുണ്ടായി. 2003-2004 വർഷം □ജിം□ ൽ വന്ന പദ്ധതികളുടെ സ്ഥാപന വർഷമായി ആചരിക്കുവാനും തീരുമാനിച്ചു അവയിലൂടെ കൂടുതൽ വിദേശനിക്ഷേപം കണ്ടെത്താനാണ് സർക്കാരിന്റെ ശ്രമം
4. ടൂറിസം, അടിസ്താന സൗകര്യം, ആതുര ശുശ്രൂഷ, ആയുർവേദം, വിദ്യാഭ്യാസം, ഗതാഗതം തുടങ്ങിയ മേകലകളിൽ പദ്ധതികളാവിഷ്ക്കരിച്ച് വിദേശ സംരംഭകരെ ആകർഷിക്കുന്നു.
5. വിദേശ മാധ്യമങ്ങളിലൂടെ □താത്പര്യ പ്രകടനങ്ങൾ□ ക്ഷണിച്ചുകൊണ്ട് അനേകം പദ്ധതികൾക്കായി നിക്ഷേപമാരാഞ്ഞു
6. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാൻ ഗവൺമെന്റ് രാഷ്ട്രീയാതീതമായ തീരുമാനങ്ങളെടുത്തുപോരുന്നു.

## പാലുത്പാദനം വർദ്ധിപ്പിക്കുന്നതിന് നടപ്പാക്കി വരുന്ന പദ്ധതികൾ

470. ശ്രീ. എൻ. രാജൻ
ശ്രീ കെ.പി. രാജേന്ദ്രൻ
ശ്രീ.പി.എസ്.സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുത്പാദനം വർദ്ധിപ്പക്കുന്നതിന് സർക്കാർ പുതുതായി നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കുമോ;
(ബി) പാലുല്പാദനം കുറഞ്ഞുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;
(സി) അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് പ്രതിദിനം കൊണ്ടുവരുന്ന പാലിന്റെ അളവ് വർദ്ധിച്ചുവരുന്നത് സംസ്ഥാനത്തുള്ള പാലുത്പ്പാദനം കുറഞ്ഞുകൊണ്ടുവരുന്നതുകൊണ്ടാണെന്നുള്ള വസ്തുത വിലയിരുത്തിയിട്ടുണ്ടോ;
(ഡി) സംസ്താനത്ത് പാൽ വിതരണം നടത്തുന്ന മിൽമയുടെ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിവരുന്ന വികസനപ്രവർത്തനങ്ങള എന്തൊക്കെയാണ്;
(ഇ) മിൽമ എൻ.ഡി.ഡി.ബി. യുമായി നടത്തുന്ന കൂട്ടുസംരംഭ പ്രവർത്തനത്തിന്റെ ധാരണാ പത്രത്തിലെ വ്യവസ്ഥകൾ എന്തൊക്കെയാണ്;
(എഫ്) പുതിയ മ്പനിയുടെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന്റെ പങ്ക് എന്താണെന്ന് വിശദമാക്കുമോ;
(ജി) പാൽവില വർദ്ധിപ്പിക്കുവാൻ പുതിയ കമ്പനി സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ;
(എച്ച്) ക്ഷീര കർഷകർക്കും പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾക്കും പുതിയ കമ്പനിയെുട പ്രവർത്തനം മൂലം ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ ഇട വരുമോ എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>
**ശ്രീമതി. കെ. ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പ്മന്ത്രി)**

(എ) 1. പച്ചപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയിൽ അസോള കൃഷി കൂടി ഉൾപ്പെടുത്തി പദ്ധതി പരിഷ്ക്കരിച്ച് നടപ്പിലാക്കുന്നു.
2. ധാതു ലവണ മിശ്രിതം ഉല്പാദിപ്പിക്കുവാനുള്ള ഒരു പദ്ധതി കേരള ഫീഡ്സ് ലിമിറ്റഡ് നടപ്പിലാക്കുന്നു.
(ബി) ഇല്ല.
(സി) ഇല്ല.
(ഡി) മുപ്പതുകോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് 2010 വമെരയുള്ള കാലത്തേക്ക് മിൽമ ഇപ്പോൾ വിഭാവനം ചെയ്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.2004-05 ആകുമ്പോഴേയ്ക്കും 268 സംഘങ്ങൾ കൂടി അധികമായി ആരംഭിക്കും. പഞ്ചവത്സര പദ്ധതി പൂർത്തിയാകുമ്പോൾ പ്രതിദിന പാൽ സംഭരണശേഷി നിലവിലുള്ള 9 1/2ലക്ഷം ലിറ്ററാകും. ഗുണമേൻമയുള്ള കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി മലമ്പുഴയിലെ കാലിത്തീറ്റഫാക്ടറിയുടെ പ്രതിദിന ഉലപ്പാദന ശേഷി ഏഴ് കോടി രൂപ ചെലവിൽ 300 മെട്രിക് ടൺ ആയി വർദ്ധിപ്പിച്ച് ഗുളിക രൂപത്തിലുള്ള കാലിതീറ്റ വിതരണം ചെയ്യുന്നതാണ്. കൂടാതെ പാല വിതരണത്തിനായി ഒരു പുതിയ കമ്പനി രൂപീകരിച്ചു. വൈവദ്ധയവത്ക്കരണം നടത്തി വിവിധ പാൽ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണനം നടത്തുവാനുള്ള പദ്ധതി ആവിഷ്ക്കരിച്ചുവരുന്നു. നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡിന്റെ സഹായത്തോടെ വിവിധ ഡയറി ചില്ലിംഗ് പ്ളാന്റുകളുടെ പാൽ കൈകാര്യശേഷി ഇരട്ടിപ്പിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു.
(ഇ) 1. മിൽമയുടെ മേഖലാ യൂണിയനുകൾ ഉല്പാദിപ്പിക്കുന്ന പാലും പാലുൽപ്പന്നങ്ങളും പുതിയ കമ്പനി ആയിരിക്കും.

2. പാലും തിരഞ്ഞെടുക്കപ്പെട്ട ഉൽപ്പന്നങ്ങളും□മിൽമ□ എന്ന വ്യാപാര നാമത്തിലായിരിക്കും വിൽപ്പന നടത്തുക.
3. പാലും പാലുൽപ്പന്നങ്ങളും മേഖലാ യൂണിയനുകളിൽ നിന്ന് പുതിയ കമ്പനി വാങ്ങുന്നത് ഫെഡറേഷനുമായി വർഷാവർഷം ഉണ്ടാക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലായിരിക്കും.

4. പാലിന്റെ സംഭരണ വില നിശ്ചയിക്കുവാനുള്ള അധികാരം പൂർണ്ണമായും മേഖലാ യൂണിയനുകൾക്കും ഫേഡറേഷനുമായിരിക്കും.

5. മേഖലാ യൂണിയനുകളുടെ ഡയറികളുടെ വികസനത്തിനും പുതിയ ഉല്പ്പന്നങ്ങൾ വിപണിയിലിറക്കുന്നതിനും വേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾ പുതിയ കമ്പനി മുഖേന ലഭ്യമാക്കുന്നതാണ്.

6. മേഖലാ യൂണിയനുകളിലും ഫെഡറേഷനിലും ഇന്ന് വിപണന വിഭാഗത്തിൽ പ്രർത്തിക്കുന്ന ജീവനക്കാരെ പുതിയ കമ്പനി തിരഞ്ഞെടുത്ത് നിയമിക്കും.

7. കമ്പനി നിയമപ്രകാരം പബ്ളിക്ക് ലിമിറ്റഡ് കമ്പനിയായിട്ടായിരിക്കും രജിസ്റ്റർ ചെയ്യുന്നത്.

8. പുതിയ കമ്പനിയിൽ മിൽമാ 49% ഓഹരിയും മദർ ഡയറി ഫുഡ്സിന് 51% ഓഹരിയും ഉണ്ടായിരിക്കും.

9. ഈ കമ്പനിയിൽ പങ്കാളികളായ മിൽമയ്ക്കും മദർ ഡയറി ഫുഡ്സിനും തങ്ങളുടെ ഓഹരി പുറത്ത് വിൽക്കുവാൻ സാധിക്കില്ല.

10. പുതിയ കമ്പനിയുടെ ഭരണസമിതിയിൽ ഫെഡറേഷനിൽ നിന്ന് 4 പേരും മദർ ഡയറി പുഡ്സിൽ നിന്ന് 5 പേരും ഉണ്ടായിരിക്കും.

11. ഈ കമ്പനി ലാഭമുണ്ടാക്കുകയാണെങ്കിൽ ആയത് മിൽമയിൽ അംഗങ്ങളായിട്ടുള്ള ക്ഷീര കർഷകരുടെ ഉന്നതിക്കായി പൂർണ്ണമായും ഉപയോഗപ്പെടുത്തും

(എഫ്) പുതിയ കമ്പനിയുടെ പ്രവർത്തനത്തിൽ സംസ്താന സർക്കാരിന് നേരിട്ടു പങ്കില്ല.
(ജി) ഇല്ല.
(എച്ച്) ഇത്തരം ഒരു സാഹചര്യം ഉണ്കാൻ ഇടവരികയില്ല. ക്ഷീരകർഷകർക്കും പ്രാഥമിക സഹകരണ സംഘങ്ങൾക്കും ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും തുടർന്നും ലഭിക്കും. ഈ കമ്പനി ലാഭമുണ്ടാക്കുകയുാണെങ്കിൽ ആയത് മിൽമയിൽ അംഗങ്ങളായിട്ടുള്ള ക്ഷീര കർഷകരുടെ ഉന്നതിയ്ക്കായി പൂർണ്ണമായും ഉപയോഗപ്പെടുത്തും.

## <u>വനങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം കണക്കാക്കുന്നതിനുള്ള മാനദണ്ഡം</u>

471. ശ്രീ. കെ. എ. ചന്ദ്രൻ
ശ്രീ കെ.സി. ജോസഫ്
ശ്രീ ജോർജ്.ജെ.മാത്യു
ശ്രീ വി. ബാലറാം
ശ്രീ ടി.വി. ചന്ദ്രമോഹൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ വർഷം സംസ്ഥാനത്ത് വനങ്ങളിൽ നിന്നും എന്തു വരുമാനം ലഭിച്ചു;
(ബി) ഈ വർഷം പ്രതീക്ഷിക്കുന്ന വരുമാനമെത്രയാണ്;
(സി) വനങ്ങളിലെ എന്തെല്ലാം ഇനങ്ങളിൽ നിന്നാണ് വരുമാനം ഉണ്ടാകുന്നത്;
(ഡി) വനങ്ങളിൽനിന്ന് ലഭിക്കുന്ന വരുമാനം കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**
**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) 2002-2003 സാമ്പത്തിക വർഷം വനംവകുപ്പിന്റെ വരുമാനം 153.85 കോടി രൂപയാണ്.
(ബി) 2003-2004 സാമ്പത്തികവർഷം പ്രതീക്ഷിക്കുന്ന വരുമാനം 220 കോടി രൂപയാണ്.
(സി) തടി, കഴ, വിറക്,മുള ഈറ തുടങ്ങിയവയുടെ വിൽപ്പന, പാറ, മണൽ തുടങ്ങിയവയുടെ ശേഖരണത്തില നിന്നും ലഭിക്കുന്ന വരുമാനം, കശുവണ്ടി ശേഖരണത്തിനായുള്ള കള്ശുമാവ് തോട്ടങ്ങളുടെ ലേലത്തിൽ നിന്നും ലഭിക്കുന്ന തുക തൊണ്ടി വസ്തുക്കളുടെ ലേലത്തിൽ നിന്നും ലഭിക്കുന്ന വരുമാനം വനഭൂമി പാട്ടത്തിന് നൽകിയതിൽ നിന്നും ലഭിക്കുന്ന പാട്ടത്തുക, ഫോറസ്റ്റ് ഡവലപ്മെന്റ് ടാക്ള്, പെനാൽറ്റി, കോംപൗണ്ടിഗ് ഫീസ്, പിഴ, പലിശ, തുടങ്ങിയ ഇനങ്ങളിൽ നിന്നാണ് പ്രധാനമായും വരുമാനം ഉണ്ടാകുന്നത്.
(ഡി) ഓരോ വനം ഡിവിഷന്റെയും അംഗീകരിച്ച വർക്കിംഗ് പ്ളാൻ അനുസരിച്ച് ഓരോ സാമ്പത്തികവർഷവും നിഷ്ക്കർഷുച്ചിട്ടുള്ള പ്രവർത്തികളിൽ നിന്നും ശേഖരിക്കുന്ന വനവിഭവങ്ങളിൽ നിന്നുമുള്ള ആദായമാണ് പ്രധാനമായും വരുമാനം കണക്കാക്കുന്നതിനുള്ള മാനദണ്ഡമായി എടുക്കാറുള്ളത്.

## <u>പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന ജാമ്യം</u>

472. ശ്രീ. ബിനോയ് വിശ്വം
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
ശ്രീ എം.സുകുമാരൻ : : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും ധനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങൾക്കും മറ്റും സർക്കാർ ജാമ്യം നിൽക്കുന്ന തുക നിജപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയായി നിജപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ജാമ്യപ്പണമായി ഇതുവരെ എന്തു തുക നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കര നാരായണൻ (ധനകാര്യവും എക്സൈസും വകുപ്പ്മന്ത്രി)**

(എ) ഉണ്ട്. 14,000 കോടി രൂപയായി പരിമതപ്പെടുത്തിക്കൊണ്ടുള്ള ഗ്യാരന്റികളുടെ പരമാവധി പരിധി ബിൽ നിയമസഭയുടെ ഈ സമ്മേളനത്തിൽ സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) കംപ്ട്രോഗർ ആന്റ് ആഡിറ്റർ ജനറൽ അംഗീകരിച്ച കണക്കു പ്രകാരം31.3.2002 വരെ മൊത്തം 14122.46 കോടി രൂപയ്ക്ക് സർക്കാർ ജാമ്യം നൽകിയിട്ടുണ്ട്. എന്നാൽ ഇതിൽ 31.3.2002 ൽ അവശേഷിക്കുന്നത് 9745.86 കോടി രൂപയാണ്. പൊതുമേഖലാസ്ഥാപനങ്ങൾക്ക് മാത്രമായി 31.3.2002 വരെ മൊത്തം 10,013.94 കോടി രൂപയ്ക്ക് ജാമ്യം നൽകിയിട്ടുണ്ട്. ഇതിൽ 31.3.2002 ൽ അവശേഷിക്കുന്നത് 7074.03 കോടി രൂപയാണ്.

## <u>നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്</u>

473. ശ്രീ. ജോർജ്.ജെ. മാത്യു
ശ്രീ വി.ബാലറാം
ശ്രീ ടി.വി ചന്ദ്രമോഹൻ
ശ്രീ എ.പി. അനിൽകുമാർ
ശ്രീ എ.കെ. മണി: : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാഷണൽ കയർ റിസർച്ച് ആൻഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെ;

(സി) പ്രസ്തുത സ്ഥാപനത്തിന് കയർ വ്യവസായത്തെ പരിപോഷിപ്പിക്കുവാൻ എന്തെല്ലാം ചെയ്യാൻകഴിയുമെന്ന് വിശദമാക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) ഇൻസ്റ്റിറ്റ്യൂട്ട് എവിടെ സ്ഥാപിക്കണമെന്നതിനെക്കുറിച്ച് അന്തിമതീരുമാനമായിട്ടില്ല.

(സി) കയറും കയറുൽപ്പന്നങ്ങളും നിർമ്മിക്കുന്നതിനുപയോഗിക്കുന്ന യന്ത്രങ്ങളുടെ ആധുനിക വത്ക്കരണം, നൂതന യന്ത്രങ്ങളുടെ രൂപകൽപ്പന, ആഗോള വിപണിയിൽ പിടിച്ചുനിൽക്കത്തക്ക രീതിയിലുള്ള വൈവിധ്യമാർന്നതും പുതുമയാർന്നതുമായ ഉൽപ്പന്നങ്ങളുടെ ആവിഷ്ക്കാരം, ഗുണമേൻമയേറിയ ഉൽപ്പന്നങ്ങളുടെ നിർമ്മാണം, അനുബന്ധകാര്യങ്ങൾ ഇവയെ സംബന്ധിച്ച് ഗവേഷണം നടത്തുക, ഗവേഷണ ഫലങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. തുടങ്ങിയ കാര്യങ്ങൾ ലക്ഷ്യമിട്ടാണ്1 ഇത്തരമൊരു ഇൻസ്റ്റിറ്റ്യൂട്ട് സ്താപിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്. കയർമേഖലയെയും കയർ ഉൽപ്പന്നങ്ങളുടെ പ്രാദേശീക, ദേശിയ, അന്ത്ർദേശീയ വിപണനം സംബന്ധിച്ച മാനേജ്മെന്റ് പഠനം, കയർത്തൊഴിലാളികൾക്കും ശാസ്ത്രജ്ഞൻമാർക്കും ഉൽപ്പാദകർക്കും പരിശീലന പരിപാടികൾ സെമിനാറുകൾ വർക്ക് ഷോപ്പുകൾ എന്നിവയും ഇൻസ്റ്റിറ്റ്യൂട്ടിന്റെ ലക്ഷ്യമാണ്.

## <u>കാർഷിക സർവ്വകലാശാലയിൽ യു.ജി.സി സ്കെയിൽ നടപ്പാക്കുമ്പോൾ കുടിശ്ശികത്തുക റൊക്കം പണമായി കൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ</u>

474. ശ്രീമതി രാധാ രാഘവൻ
ശ്രീ കെ. അച്ചുതൻ
ശ്രീ എ. സുജനപാൽ
ശ്രീ വർക്കല കഹാർ
ശ്രീ ടി.യു. രാധാകൃഷ്ണൻ : : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക സർവ്വകലാശാലയിൽ യു.ജി.സി സ്കെയിൽ നടപ്പാക്കുംപോൾ കുടിശ്ശികത്തുക കൊക്കം പണമായി കൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്നാണ് പ്രസ്തുത സർവ്വകലാശാല ഗവൺമെന്റിനെ അറിയിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) അതനുസരിച്ചുള്ള തുക പ്രസ്തുത സർവ്വകലാശാലയിൽ നീക്കിയിരിപ്പുണ്ടായിരുന്നുവോ എന്ന് വെളിപ്പെടുത്തുമോ;

(സി) ഇല്ലാത്തപക്ഷം ഗവൺമെന്റിനെ തെറ്റിദ്ധരിപ്പിച്ചതിന്റെ പേരിൽ എന്തെല്ലാം നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നു;

(ഡി) പ്രസ്തുത സർവ്വകലാശാലയിൽ യു.ജി.സി സ്കെയിൽ നടപ്പാക്കിയതിനെത്തുടർന്ന് കുടിശ്ശികത്തുക രൊക്കം കൊടുക്കുന്നതിന് ഏതെല്ലാമിനത്തിലുള്ള തുകയാണ് വിനിയോഗിച്ചതെന്ന് വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീമതി.കെ. ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) യും (ബി) യും : യു.ജി.സി/ ഐ.സി.എ. ആര്‍ പദ്ധതി നടപ്പിലാക്കുമ്പോൾ നൽകേണ്ട കുടിശ്ശികത്തുക നൽകുന്നതിന് 1991-92 കാലയളവിൽ ഐ.സി.ആറിൽ നിന്നും സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ചതു തൃശൂർ ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുന്നതുമായ തുകയും അതിന്റെ പലിശയും വിനിയോഗിക്കാമെന്ന് കാർഷിക സർവ്വകലാശാല സര്‍ക്കാരിനെ അറിയിച്ചിരുന്നു. കൂടാതെ യു.ജി.സി യുടെ പരിധിയിൽ വരുന്നവർക്ക്ലഭിക്കേണ്ട കുടിശ്ശിക ത്തുക 31.3.2000 വരെ പി.എഫ്. അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് സമ്മതിച്ചിരുന്നുവെന്നും അറിയിച്ചിട്ടുണ്ടായിരുന്നു.

മേൽപ്പറഞ്ഞ തുകകളാണ് കുടിശ്ശിക തുക നൽകുന്നതിലേയ്ക്കായി കാർഷിക സർവ്വകലാശാല ചൂണ്ടിക്കാണിച്ചിരുന്നത് എന്നാൽ ഇക്കാര്യം ശരിയല്ലെന്ന് സർവ്വകലാശാലയുടെ രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളതായി ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്

(ബി) ധനകാര്യവകുപ്പിന്റെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൻമേൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് രണ്ടുമാസത്തിനകം നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ കേരള കാർഷിക സർവ്വകലാശാല വൈസ്ചാൻസലർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഐ.സി.എ. ആറിൽ നിന്നും സർക്കാരിൽ നിന്നും 80:20 എന്ന അനുപാതത്തിൽ സർവ്വകലാശാലയ്ക്ക് കിട്ടിയ ഗ്രാന്റ് തുകയിൽ നിന്നുമാണ് യു.ജി.സി ശമ്പള പരിഷ്ക്കരണ പദ്ധതി അനുസരിച്ചുള്ള കുടിശ്ശിക തുക നൽകിയത്.

## നാളീകേരത്തെ സംബന്ധിച്ചുള്ള ഗവേഷണം

475. ശ്രീ. പി.ടി.തോമസ്
ശ്രീ തമ്പാനൂർ രവി
ശ്രീ കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തെ സംബന്ധിച്ച് മാർക്കറ്റ് റിസർച്ച്, ഉൽപ്പന്നവൈവിധ്യംസാങ്കേതിക വിലയിരുത്തൽ മുതലായ കാര്യങ്ങളിൽ സംസ്ഥാനത്ത് ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ ഏർപ്പെട്ടിട്ടുണ്ടൊ എന്ന് വ്യക്തമാക്കാമോ;

(ബി) കൃഷി വകുപ്പ് ഇക്കാര്യങ്ങളിൽ എന്തെല്ലാംനടപടി സ്വീകരിച്ചു;

(സി)കാർഷിക സർവ്വകലാശാല ഇക്കാര്യത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളിലേർപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) മാർക്കറ്റ് റിസർച്ച്, ഉൽപ്പന്നവൈവിധ്യം സാങ്കേതിക വിലയിരുത്തൽ എന്നിവ കേരകർഷകർക്കും കോരോത്പന്ന വ്യവസായികൾക്കും സഹായകമാണോ; ആണെങ്കിൽ ഇതിനുവേണ്ടി നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി.കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) നാളികേരത്തെ സംബന്ധിച്ച് മാർക്കറ്റ് റിസർച്ച് ഉൽപ്പന്ന വൈവിധ്യം,സാങ്കേതിക വിലയിരുത്തൽ എന്നിവ നാളികേര വികസന ബോർഡ് മുഖാന്തിരമാണ് നടന്നുവരുന്നത്. നാളീകേര വികസന ബോർഡിന്റെ നിലവിലുള്ള പദ്ധതികളിലൂടെയും പ്രധാനമായും നാളീകേര ടെക്നോളജി മിഷനിലൂടെയും പ്രധാനമായും ഈ പറഞ്ഞകാര്യങ്ങൾക്ക് സഹായം നൽകുന്നത് നാളികേര ടെക്നോളജി മിഷനിൽ വ്യക്തികളും സ്ഥാപനങ്ങളും സമർപ്പിച്ച പദ്ധതികൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. നാളിതുവരെ അനുവദിച്ച പദ്ധതികൾ ഇനി പറയുന്നു.

1. വെളിച്ചെണ്ണ ഓട്ടോമൊബൈൽ ഓയിലായി ഉപയോഗിക്കുന്നതിനെക്കുറിച്ച് പഠിക്കാനായി കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി സമർപ്പിച്ച 9.92 ലക്ഷം രൂപയുടെ പദ്ധതി
2. ഇൻയഗ്രറ്റഡ് കോക്കനട്ട് പ്രോസസിംഗ് കോംപ്ളെക്സ് സ്ഥാപിക്കുന്നതിന് തൃശൂരിലെ കല്ലംകുന്ന് സർവീസ് സഹകരണ ബാങ്ക് സമർപ്പിച്ച 160 ലക്ഷം രൂപയുടെ പദ്ധതി.
3. ഇളനീർ കോൺസർട്രേറ്റിന്റെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനു പെരിന്തൽമണ്ണയിലെ മിറക്കിൾ ഫുഡ് പ്രോസസിംഗ് ഇന്റർ നാഷണൽ സമർപ്പിച്ച 4.975 ലക്ഷം രൂപയുടെ പദ്ധതി

4. നാളീകേര ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള മലനാട് കാർഷിക പ്രൊഡ്യൂസേഴ്സ് മാർക്കടീംഗ് സൊസൈറ്റി സമർപ്പിച്ച 21.15 ലക്ഷം രൂപയുടെ പദ്ധതി.
5. നാളീകേര ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരഫെഡ് സമർപ്പിച്ച 50 ലക്ഷം രൂപയുടെ പദ്ധതി

(ബി) കഴിഞ്ഞവർഷം കണ്ണൂർ കോഴിക്കോട് എന്നീ ജില്ലാകളിൽ ഓരോ പദ്ധതികൾക്കു വീതം നാളീകേരം അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്ന വൈവിധ്യവത്ക്കരണപദ്ധതിയ്ക്ക് അനുമതി നൽകുകയുണ്ടായി.

കണ്ണൂർ ചൈതന്യ ഫുഡ് പ്രോഡക്ട്സ് ലിമിറ്റഡിന്റെ കരിക്കിൻവെള്ളം സംസ്ക്കരിച്ച് പാക്കറ്റിലാക്കി വിതരണം ചെയ്യുന്ന പദ്ധതിയുടെ അടങ്കൽ തുക 52 ലക്ഷം രൂപയാണ്. ഈ വർഷ് 5.86 ലക്ഷം രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്.

കോഴിക്കോട് ഇന്ദിരാഗാന്ധി കോക്കനട്ട് പ്രോസസിംഗ് യൂണിറ്റ്, കേരള മലനാട് കർഷക പ്രൊഡ്യൂസ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രീമിയം ഗ്രേഡ് വെളിച്ചെണ്ണ, നാളീകേര ചിപ്സ്, നാളീകേര വിനിഗർ, ചമ്മന്തിപ്പൊടി എന്നിവയുടെ നിർമ്മാണത്തിന് 20.30 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് 2.75 ലക്ഷം രൂപ സബ്സിഡിയായി ഈ വർഷം അനുവദിച്ചിട്ടുണ്ട്.

(സി) താർഷിക സർവ്വകലാശാലയും കേന്ദ്ര തോട്ടവിള ഗവേഷണസ്ഥാപനവും തെങ്ങുഗവേഷണത്തിലും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലുമാണ് വ്യാപൃതരായിട്ടുള്ളത്. കാർഷിക സർവ്വകലാശാല തെങ്ങുകൃഷിയെ സംബന്ധിച്ചും അതിന്റെ ചെലവ്, ഉൽപ്പാദനം എന്നിവ താരതമ്യം നടത്തുകയുണ്ടായി. മാർക്കറ്റ് റിസർച്ച് പഠനത്തിലൂടെ കേരളത്തിൽ ശാസ്ത്രീയ വളപ്രയോഗവും ഉത്പാദന ക്ഷമതയുള്ള തെങ്ങുകളിൽ നിന്നും കർഷകർക്ക് ലാഭം ഉണ്ടാകുന്നു. കേരളത്തിൽ കൂടുതലും ഉല്പാദന ക്ഷമത കുറഞ്ഞതെങ്ങുകൾ ആണ്. ഇവ ലാഭകരമല്ല എന്നു കാണുകയുണ്ടായി.

(ഡി) സഹായകമാണ്. സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിനും നാളീകേര ഉൽപ്പന്ന വൈവിധ്യവത്ക്കരണത്തിനും കേന്ദ്ര സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നാളീകേര ടെക്നോളജി മിഷനിൽ പദ്ധതികൾ സമർപ്പിക്കാവുന്നതാണ്. നാളീകേര വികസന ബോർഡ് മുഖാന്തിരമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി കേരഫെഡ് വെളിച്ചെണ്ണ അല്ലാതെയുള്ള നാളീകേരാധിഷ്ഠിതമായ ഭക്ഷ്യഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധതിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## <u>ഹരിത മാർക്കറ്റുകളിലെ വിലനിലവാരം</u>

476. ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ തോമസ് ചാഴികാടൻ
ശ്രീ കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികോർപ്പിന്റെ ലാഭം വിൽപ്പന കേന്ദ്രമായ ഹരിത മാർക്കറ്റുകളിൽ പൊതു വിപണിയിലേതിനെക്കാൾ കൂടുതൽ വിലയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ഹരിത മാർക്കറ്റുകളിൽ കൂടുതൽ വില ഈടാക്കുമ്പോൾ വിൽപ്പന കുറയുകയും ക്രമേണ ഹരിത മാർക്കറ്റുകൾ പരാജയപ്പെടാനുള്ള സാധ്യതയെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഹരിത മാർക്കറ്റുകളിലെ വിലനിലവാരം പൊതു വിപണിയലേതിനേക്കാൾ കുറഞ്ഞ തോതിലാക്കാൻ നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**
**ശ്രീമതി.കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) പൊതുവിപണിയിലെ സ്വകാര്യ കച്ചവടക്കാരുമായി മത്സരിച്ചാണ് ഹോർട്ടികോർപ്പ് പഴവർഗ്ഗങ്ങളും പച്ചക്കറികളും വിപണനം നടത്തുന്നത് മിക്ക പച്ചക്കറികളും പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞനിരക്കിലാണ് വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്നത്. കാലവർഷം വൈകിയതും വരൾച്ചാകെടുതിയും മൂലം അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇത്തരം പച്ചക്കറികൾക്ക് മൊത്തവിലയിലും ചില്ലറ വിലയിലും വലിയ വ്യത്യാസമില്ല. അതിനാൽ ചിലയിനം പച്ചക്കറികൾ പൊതുവിപണിയിലെ വിലയ്ക്ക് വിൽക്കേണ്ടി വരുന്നു.

(ബി) ഹരിത സ്റ്റാളുകളുടെ പ്രവർത്തനത്തെക്കുറിച്ചും വിലയിരുത്തൽ നടത്തുന്നുണ്ട്.

(സി) ഹരിത സ്റ്റാളുകൾ വഴി വിൽക്കുന്ന പച്ചക്കറികൾക്ക് പൊതുവിപണിയിലേതിനേക്കാൾ വില കൂടാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## സംസ്ഥാനത്തുനിന്നും കയറ്റി അയക്കുന്ന കാർഷിക വിഭവങ്ങൾ

477. ശ്രീ. ഐ.എ.അസീസ് .സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃ,ഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നിന്നും എന്തെല്ലാം കാർഷിക വിഭവങ്ങളാണ് കയറ്റി അയക്കുന്നത് ;

(ബി) കാർഷിക വിഭവങ്ങൾ സംസ്ഥാന സർക്കാർ നേരിട്ടാണോ കയറ്റി അയയ്ക്കുന്നത് (സി) കയററുമതിയിലൂടെ പ്രതിവർഷം എത്ര രൂപയുടെ വിദേശ നാണ്യം ലഭ്യമാക്കുന്നു?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃ,ഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ) സംസ്ഥാനത്തു നിന്നും കയറ്റുമതി ചെയ്യുന്ന പ്രധാന കാർഷിക വിഭവങ്ങൾ താഴെ പറയുന്നു :

1. തേയില
2. കാപ്പി
3. കുരുമുളക്
4. ഇഞ്ചി
5. മഞ്ഞൾ
6. കറി പൗഡറുകൾ
7. കശുവണ്ടി
8. സുഗന്ധ വ്യഞ്ജന എണ്ണയും ഒളിയോറസിനും
9. ഏലം, ചുക്ക്, ഗ്രാമ്പൂ
10. പച്ചക്കറികൾ
11. പഴ വർഗ്ഗങ്ങൾ
12. അച്ചാറുകൾ
13. പലഹാരങ്ങൾ
14. നാളികേര ഉല്പന്നങ്ങൽ
15. കയറും കയറുല്പന്നങ്ങളും

(ബി) സംസ്ഥാനത്തെ കാർഷിക വിഭവങ്ങൾ കയറ്റുമതി ചെയ്യുന്ന പ്രക്രിയയിൽ സംസ്ഥാന സർക്കാർ നേരിട്ട് ഇടപെടുന്നില്ല. ഇന്ത്യയിലെ വിവിധ തുറമുഖങ്ങൾ വഴി വിവിധ ലൈസൻസുള്ള ഏജൻസി - പൊതുമേഖലാസ്ഥാപനങ്ങൾക്കും വ്യക്തികൾക്കും കയറ്റുമതി നടത്താവുന്നതാണ്. അമേരിക്ക, റഷ്യ, പ്രധാനപ്പെട്ട എല്ലാ യൂറോപ്യൻ രാജ്യങ്ങൾ, ഏഷ്യൻ രാജ്യങ്ങൾ, ആഫ്രിക്കൻ രാജ്യങ്ങൾ, ഓസ്ട്രേലിയ എന്നിവിടങ്ങളിലേക്ക് വിവിധ കാർഷിക ഉല്പന്നങ്ങൾ ആവശ്യകതയനുസരിച്ച് കയറ്റി അയയ്ക്കുന്നുണ്ടെന്നാണ് ലഭ്യമായ വിവരങ്ങൾ സൂചിപ്പിക്കുന്നത്.

(സി) കൃത്യമായ വിവരം ലഭ്യമല്ല..

## സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ബാങ്ക് വായ്പ അനുവദിക്കുന്നതിൽ വിമുഖത

478. ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും ബാങ്ക് വായ്പയ്ക്ക് അപേക്ഷിക്കുന്നവർക്ക് അത് അനുവദിക്കുന്നതിൽ പല ബാങ്കുകളും വിമുഖരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(സി) ഇത്തരം വായ്പകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. കെ.ശങ്കരനാരായണൻ ( ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ) :**

(എ) സ്വയം തൊഴിൽ വായ്പ അനുവദിക്കുന്ന കാര്യത്തിൽ ചില ബാങ്കുകൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 2002-2003 വർഷത്തിൽ കേരളത്തിലെ വാണിജ്യ ബാങ്കുകൾ 1840 കോടി രൂപ ചെറുകിട വ്യവസായങ്ങൾക്ക് വായ്പയായി നൽകിയിട്ടുണ്ട്. ഇത് കണക്കാക്കപ്പെടുന്നതിനേക്കാൾ 484 കോടി രൂപ അധികമാണ്.

(ബി) പ്രത്യേകിച്ച് പഠനമൊന്നും നടത്തിയിട്ടില്ല. എന്നാൽ ഇതു സംബന്ധിച്ച് കിട്ടുന്ന പരാതികളെല്ലാം തന്നെ അന്വേഷണ വിധേയമാക്കുന്നുണ്ട്. ബാങ്കുകളുടെ വിവിധ തലത്തിൽ ഈ പ്രശ്നങ്ങൾ ഉന്നയിക്കുകയും ചർച്ച ചെയ്യാറുമുണ്ട്.

(സി) ഉണ്ട്.

(ഡി) വായ്പകൾ പെട്ടെന്ന് ലഭിക്കുന്നതിനായി ഈ സാമ്പത്തിക വർഷം മുതൽ ശാസ്ത്രീയമായൊരു നടപടി ക്രമമാണ് സ്വീകരിച്ചിട്ടുള്ളത്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ചെയർമാനായുള്ള ടാസ്ക്ഫോഴ്സ് സെലക്ടു ചെയ്യുന്ന എല്ലാവർക്കും വായ്പ ലഭ്യമാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വായ്പയ്ക്ക് പരിഗണിക്കപ്പെടേണ്ടവരെ വിളിച്ച് പ്രത്യേക തരത്തിലുള്ള സെമിനാറുകൾ സംഘടിപ്പിക്കുകയും നോൺ ഗവണ്മെന്റ് ഓർഗനൈസേഷനുകളുടെ സഹായത്തോടെ പ്രത്യേക പരിശീലനം നൽകുവാനും ആലോചിക്കുന്നുണ്ട്. ഇത്തരം നടപടികളിലൂടെ ബാങ്കുകളുടെ വിമുഖത മാറ്റാൻ സാധിക്കും. അതുപോലെ റ്റോക്കൺ ഓഫ് സർവീസ്, അധിക സെക്യൂരിറ്റി ഒഴിവാക്കൽ, സി.ജി.എഫ്.എസിൽ ഉൾപ്പെടുത്തൽ തുടങ്ങിയവ ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കാനുള്ള നിലവിലുള്ള സംവിധാനങ്ങളാണ്. കൂടാതെ ഈയിടെ പുനഃസംഘടിപ്പിച്ച ജില്ലാതല ഗ്രീവൻസ് റിഡ്രസൽ സെല്ലുകളിലൂടെ ചെറുകിട വ്യവസായികളുടെ വായ്പ സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മണ്ണിന്റെ ഘടനക്കനുസരിച്ചുള്ള കൃഷിരീതി

479

ശ്രീ. കെ.നാരായണക്കുറുപ്പ് :

ശ്രീ.റോഷി അഗസ്റ്റിൻ :

ശ്രീ തോമസ് ചാഴിക്കാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണിന്റെ ഘടന തിരിച്ചറിഞ്ഞ് അതനുസരിച്ച് കൃഷിരീതികളെ മെച്ചപ്പെടുത്തുന്നതിന് കൃഷി വകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കർഷകർക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനു വേണ്ട അടിസ്ഥാന രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ ;;

(സി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃ,ഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ ) (ബി) & (സി) മണ്ണിന്റെ ഘടനയും സ്വഭാവവും അടിസ്ഥാനമാക്കി കാർഷിക പരിസ്ഥിതിക മേഖലകൾക്ക് അനുയോജ്യമായ കാർഷികരീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി കൃഷി വകുപ്പിന്റെയും കാർഷിക സർവകലാശാലയുടെയും ഭൂ വികസന ബോർഡിന്റെയും സംയുക്താഭിമുഖ്യത്തിൽ ഒരു പഞ്ചാത്തല സോയിൽ മാപ്പിംഗ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിൽ 500 പഞ്ചായത്തുകളിൽ മണ്ണിനെ സംബന്ധിച്ച ഭൂപടങ്ങളും വിവരങ്ങളും ഇതിനകം തയ്യാറായിട്ടുണ്ട്. മണ്ണ്,

ജലം എന്നിവ പരിശോധിച്ച് സൂക്ഷ്മ മൂലകങ്ങൾ തിട്ടപ്പെടുത്തി പരിശോധനാഫലം കർഷകർക്ക് എത്തിച്ചു കൊടുക്കുന്നതിനുളള പ്രവർത്തനം നടന്നുവരുന്നു.

## കെ.പി.പി. നമ്പ്യാർ കമ്മിറ്റിയുടെ ശുപാർശകൾ

480 ശ്രീ.എം.കെ.പോൾസൺമാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് ഐ.ടിയുടെ ഉപയോഗത്തെപ്പറ്റി പടിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയമിച്ച കെ.പി.പി.നമ്പ്യാർ കമ്മിറ്റിയുടെ ശുപാർശകൾ ലഭിച്ചുവോ ;

(ബി) എങ്കിൽ ആ കമ്മിറ്റിയുടെ ശുപാർശകളെന്തെന്ന് വിശദീകരിക്കുമോ ;

(സി) കിസാൻ പ്രോജക്ടനുസരിച്ച് എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പു മന്ത്രി ) :**

(എ) കാർഷികരംഗത്ത് വിവര സാങ്കേതിക വിദ്യയുടെ ഉപയോഗത്തെപ്പറ്റി പഠിക്കാൻ ഡോ.ചോപ്ര കമ്മിറ്റി നിയോഗിച്ച കെ.പി.പി. നമ്പ്യാർ ഉൾപ്പെട്ട ഉപസമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) കൃഷിയുടെ സുസ്ഥിരത, ഉല്പാദനക്ഷമത, ലാഭം എന്നിവ വർദ്ധിപ്പിക്കാൻ ഉതകുന്ന വിധത്തിൽ വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനായി കിസാൻ കേരള എന്ന പദ്ധതി നടപ്പിലാക്കാനാണ് ശുപാർശ ചെയ്തിട്ടുളളത്.

ഈ പദ്ധതി അനുസരിച്ച് കർ,കർ, കർഷകത്തൊഴിലാളികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ആവശ്യമായ വിജ്ഞാനവും, സേവനവും ലഭ്യമാക്കാനാവശ്യമായ സംവിധാനം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ കീഴിൽ താഴെപ്പറയുന്ന പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

1. ഉന്നത നിലവാരം പുലർത്തുന്നതും ചെലവു കുറഞ്ഞതുമായ വിവര ശൃംഖലകൾ സ്ഥാപിക്കുക.

2. കാർഷികവിജ്ഞാനം ഏകോപിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി ഒരു ഡാറ്റാ സെന്റർ തിരുവനന്തപുരത്ത് ടെക്നോപാർക്കിലെ ട്രിപ്പിൾ ഐ.ടി.എം.കെ.യിൽ സ്ഥാപിക്കുക.

3. കൃഷി ഡയറക്ടറേറ്റ് , ഫാം ഇൻഫർമേഷൻ ബ്യൂറോ, തെരഞ്ഞെടുത്ത ജില്ലാതല വിവര സംഭരണ കേന്ദ്രങ്ങൾ, കൃഷി ഭവനുകൾ എന്നിവയെ ഐ.ടി.അധിഷ്ഠിത വ്യാപന പദ്ധതികൾ സജ്ജമാക്കുക.

4. ഒറ്റപ്പെട്ട സ്ഥലങ്ങൽക്കും ഗ്രാമപ്രദേശങ്ങൽക്കുമായി പാരാദേശിക ഭാഷയിൽ ഒരു വെബ്പോർട്ടൽ വികസിപ്പിക്കുക.

5. അനുബന്ധ സാങ്കേതിക വിദ്യകളും സൗകര്യങ്ങളും ഉപയോഗിച്ച് വിജ്ഞാനപോഷണം നടത്തുകയും പ്രാദേശിക കേബിൾ ടി.വി. മുഖേനെ വിതരണം നടത്തുകയും ചെയ്യുക.

6. പരീക്ണ വിജ്ഞാന ശൃംഖലയിലൂടെ ഐ.ടി.അധിഷ്ഠിത വിജ്ഞാനവ്യാപന പരിപാടികൾ നടപ്പിലാക്കുക. ഇതിനായി പ്രാദേശിക കിയോസ്കുകൾ സ്ഥാപിക്കുക.

7. പരീക്ഷണപദ്ധതിയുടെ ഗുണദോഷങ്ങളും ചെലവ്-നേട്ടങ്ങളും പഠിച്ച് രണ്ടാം ഘട്ടമായി പദ്ധതി കേരളമാകെ നടപ്പിലാക്കുക.

10.6.2003-ലെ സർക്കാർ ഉത്തരവ് പ്രകാരം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 46 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## നെല്ലിന്റെ ഉല്പാദനക്ഷമത

481. ശ്രീ. കെ.സി.വേണുഗോപാല്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ :

(എ) സംസ്ഥാനത്ത് നെല്ലിന്റെ ഉല്പാദനക്ഷമത ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോള്‍ കൂടുതലാണോ അതോ കുറവാണോ ; കുറവാണെങ്കില്‍ അതിനുള്ള കാരണം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) അത്യുല്പാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗത്തില്‍ കൂടെയും ശാസ്ത്രീയമായുള്ള പരിശീലനത്തില്‍ കൂടെയും അരിയുടെ ഉല്പാദനക്ഷമത വര്‍ദ്ധിപ്പിക്കാമെന്ന വസ്തുത സര്‍ക്കാര്‍ കണക്കിലെടുത്തിട്ടുണ്ടോ ;

(സി) എങ്കില്‍ ഇതിനായി നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ ; വിശദീകരിക്കാമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആര്‍.ഗൗരിയമമ ( കൃഷിയും കയറും വകുപ്പു മന്ത്രി ) :**

(എ) കേരളത്തില്‍ നെല്ലിന്റെ ഉല്പാദനക്ഷമത ദേശീയ ശരാശരിയേക്കാള്‍ കൂടുതലാണ്.

(ബി) ആന്റ് (സി) ഉല്പാദനക്ഷമത വര്‍ധിപ്പിക്കുന്നതിനും നെല്‍കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി താഴെ പറയുന്ന പദ്ധതികള്‍ നടപ്പിലാക്കി വരുന്നു:

1. 6,550 ഹെക്ടര്‍ പ്രദേശത്ത് ഗ്രൂപ്പ് ഫാമിംഗ് നടപടികളുടെ പുനരുജ്ജീവനം.

2. സങ്കരയിനം നെല്‍കൃഷി വ്യാപിപ്പിക്കാനായി 65,000 ഹെക്ടര്‍ സ്ഥലത്ത് നെല്‍വിത്ത് സഹായ നിരക്കില്‍ വിതരണം.

3. സംയോജിത വളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചിലവള വിത്ത് വിതരണം, 20,000 ഹെക്ടര്‍ പ്രദേശത്ത് ജീവാണു വളപ്രയോഗം പ്രോത്സാഹിപ്പിക്കല്‍.

4. കാര്‍ഷിക സര്‍വകലാശാല വികസിപ്പിച്ചെടുത്ത പുതിയ ഇനം നെല്‍വിത്തുകളായ വര്‍ഷ ഗൗരി, ശ്വേത, കുഞ്ഞുകുഞ്ഞ്, സുപ്രിയ, കുഞ്ഞുകുഞ്ഞുവര്‍ണ്ണ എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കല്‍.

5. പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള പദ്ധതി.

6. വയനാട് ജില്ലയില്‍ ജീരകശാല, ഗന്ധകശാല തുടങ്ങിയ സുഗന്ധ നെല്‍കൃഷി ജൈവകൃഷിരീതിയില്‍ പ്രോത്സാഹിപ്പിക്കല്‍.

7. പൊക്കാളി പ്രദേശത്ത് 1500 ഹെക്ടര്‍ പ്രദേശത്ത് ജൈവ നെല്‍കൃഷി പ്രോത്സാഹിപ്പിക്കല്‍ .

8. നെല്‍കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി രൂപീകരിച്ച 11 വികസന ഏജന്‍സികള്‍ക്ക് ധനസഹായം.

9. ഹെക്ടറൊന്നിന് സീസണില്‍ 350 രൂപ നിരക്കില്‍ ഉല്പാദന ബോണസ്.

10. സൗജന്യ വൈദ്യുതി.

11. കൊയ്ത്തകാലത്ത് നെല്ലിന്റെ വില ഇടിയുന്നത് തടയുന്നതിനായി തറവില നിശ്ചയിച്ചു കൊണ്ടുള്ള നെല്ല് സംഭരണം.

## ഉപഭോക്തൃ സംരക്ഷണ ഫോറങ്ങള്‍

482.. ശ്രീ. കോവൂര്‍ കുഞ്ഞുമോന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ :

(എ) ജില്ലാ ഉപഭോക്തൃ തര്‍ക്ക പരിഹാര ഫോറങ്ങളിലെ കേസുകളുടെ തീര്‍പ്പിനുള്ള കാലതാമസം കുറയ്ക്കാന്‍ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;;

(ബി) സംസ്ഥാനത്ത് അംഗീകരിക്കപ്പെട്ട എത്ര ഉപഭോക്തൃ സംരംക്ഷണ ഫോറങ്ങള്‍ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ഉപഭോക്തൃ സംരംക്ഷണ ഫോറങ്ങള്‍ക്ക് നിയമാനുസരണം ഉപഭോക്താവില്‍ നിന്നും അവര്‍ നല്‍കുന്ന സേവനങ്ങള്‍ക്ക് ഫീസ് ഈടാക്കാന്‍ അനുവാദമുണ്ടോ ; ഇല്ലെങ്കില്‍ അപ്രകാരം തുക ഈടാക്കുന്ന ഫോറങ്ങള്‍ക്ക് എതിരെ എന്ത് നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

(ഡി) ഉപഭോക്തൃഫോറങ്ങൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളും അവകാശങ്ങളും ആണ് സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. ജി കാർത്തികേയൻ (ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പു മന്ത്രി) :-**

(എ) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ കേസുകളുടെ തീർപ്പിനുള്ള കാലതാമസം കുറക്കുവാൻ സർക്കാർ തലത്തിലും സംസ്ഥാന കമ്മീഷൻ തലത്തിലും കാലാകാലങ്ങളിൽ രിവ്യൂ മീറ്റിംഗുകൾ നടത്തി കേസുകൾ വേഗം തീർപ്പാക്കുവാൻ ജില്ലാ ഫോറം പ്രസിഡണ്ടുമാർക്ക് നിർദ്ദേശം നൽകാറുണ്ട്.

(ബി) ജില്ലകളിൽ ഓരോന്നു വീതം 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നു.

(സി) ഉണ്ട്. 2002 -ലെ ഉപഭോക്തൃ (ഭേദഗതി) നിയമത്തിൽ ഉപഭോക്താക്കളിൽ നിന്നും കേസിന് ഫീസ് ഈടാക്കാൻ വ്യവസ്ഥയുണ്ട്.

(ഡി) 1986 -ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലേയും 1998-ലെ കേരള ഉപഭോക്തൃ സംരക്ഷണ ചട്ടങ്ങളിലേയും വ്യവസ്ഥകൾ അനുസരിച്ചാണ് ഉപഭോക്തൃ സംരക്ഷണ ഫോറങ്ങൾക്ക് ആനുകൂല്യങ്ങളും അവകാശങ്ങളും നൽകുന്നത്.

**കഞ്ചാവ്, മയക്കുമരുന്ന് ഇവയിൽ നിന്ന് സംസ്ഥാനത്തെ രക്ഷിക്കാൻ നടപടി**

483. ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ)സംസ്ഥാനത്തിനകത്തും പുറത്തും ശക്തിപ്പെടുന്ന കഞ്ചാവ്, മയക്ക് മരുന്ന് ലോബികളുടെ പിന്നിൽ പ്രബലമായ രാഷ്ട്രീയ ശക്തികളും അധികാര കേന്ദ്രങ്ങളും ഉണ്ടെന്ന വിമർശനം ഗവണ്മെന്റ് ഗൗരവമായി കാണുന്നുണ്ടോ ;

(ബി) മയക്കുമരുന്നു ലോബിയിൽ നിന്ന് സംസ്ഥാനത്തെ രക്ഷിക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിക്കാൻ ഗവണ്മെന്റ് സന്നദ്ധമാകുമോ ;

(സി) വൻപിച്ച പ്രചരണത്തോടുകൂടി നടക്കുന്ന കഞ്ചാവ് വേട്ട ആസൂത്രിതമായ പ്രഹസനമാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കഞ്ചാവ് വേട്ട സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ സഭയെ അറിയിക്കുമോ ?

**ഉത്തരം**

**ശ്രീ. കെ.ശങ്കരനാരായണൻ ( ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ) :**

(എ) ഇത്തരത്തിലുള്ള വിമർശനത്തെക്കുറിച്ച് ആധികാരികമായ അറിവൊന്നും സർക്കാരിനില്ല.. എങ്കിലും സർക്കാർ ഇത്തരം കാര്യങ്ങൾ അതീവ ഗൗരവമായാണ് കാണുന്നത്.

(ബി) ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നുണ്ട്.

(സി) പ്രചാരണത്തോട് കൂടിയല്ല കഞ്ചാവ് വേട്ട നടത്തുന്ന്.

(ഡി) 2001, 2002, 2003 വർഷങ്ങളിൽ 48 റെയ്ഡുകളിലായി ഇടുക്കി , പാലക്കാട്, തൃശൂർ, മലപ്പുറം എന്നീ ജില്ലകളിൽ നിന്നും 13,31,157 കഞ്ചാവ് ചെടികളും, 2787.75 കി.ഗ്രാം കഞ്ചാവും നശിപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 45 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏകദേശം 538 ഏക്കർ സ്ഥലത്തെ കഞ്ചാവു ചെടികളാണ് നശിപ്പിച്ചിട്ടുള്ളത്.